**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 992** **10-06-2021 - ല്‍ മറുപടിയ്ക്ക്**

**സ്മാര്‍ട്ട് വില്ലേജ് ഓഫീസുകള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീര്‍ | | Shri. K. Rajan<br>(റവന്യൂവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകള്‍ സ്മാര്‍ട്ട് ആക്കി ആധുനികവത്കരിക്കുന്നതിന് ഏതെങ്കിലും പദ്ധതികള്‍ നടപ്പാക്കിയിട്ടുണ്ടോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് വില്ലേജോഫീസുകള്‍ സ്മാര്‍ട്ടാക്കി ആധുനികവത്ക്കരിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് സ്മാര്‍ട്ട് വില്ലേജ് ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാര്‍ട്ട് ഓഫീസുകളാക്കി മാറ്റി അവയില്‍ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങള്‍ നല്‍കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാര്‍ട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണന്‍സിന്റെ സഹായത്തോടു കൂടി വില്ലേജ് ആഫീസില്‍ നിന്നുള്ള സേവനങ്ങള്‍ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാര്‍ട്ട് വില്ലേജ് ഓഫീസുകളില്‍ ഒരുക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയിന്‍ കീഴില്‍ എത്ര വില്ലേജ് ഓഫീസുകള്‍ സ്മാര്‍ട്ട് ആക്കിയിട്ടുണ്ടെന്നും അവിടെ എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങള്‍ക്ക് ലഭിക്കുകയെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഇതുവരെ പ്ലാന്‍സ്കീം മുഖേന 220 വില്ലേജാഫീസുകള്‍ക്കും റീബില്‍ഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയില്‍ ഉള്‍പ്പെടുത്തി 255വില്ലേജോഫീസുകള്‍ക്കുമാണ് സ്മാര്‍ട്ട് നിലവാരത്തിലേക്ക് ഉയര്‍ത്തുന്നതിനുള്ള നിര്‍മ്മാണ പ്രവൃത്തികള്‍ക്കായി ഭരണാനുമതി നല്‍കിയിട്ടുള്ളത്. പ്ലാന്‍ സ്കീമില്‍ ഉള്‍പ്പെട്ട 126 സ്മാര്‍ട്ട് വില്ലേജാഫീസുകളുടെ നിര്‍മ്മാണം പൂര്‍ത്തീകരിച്ച് പ്രവര്‍ത്തിച്ചു വരുന്നു. മറ്റു വില്ലേജോഫീസുകളുടെ നിര്‍മ്മാണ പ്രവര്‍ത്തികള്‍ വിവിധഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. സ്മാര്‍ട്ട് ഓഫീസുകളില്‍ നിന്നും പൊതുജനങ്ങള്‍ക്ക് ലഭിക്കുന്ന സേവനങ്ങള്‍ ചുവടെ ചേര്‍ക്കുന്നു. 1. ഇ-ഡിസ്ട്രിക്ട് വില്ലേജ് ഓഫീസുകളില്‍ നിന്നും പൊതുജനങ്ങള്‍ക്ക് ആവശ്യമായ വിവിധ സര്‍ട്ടിഫിക്കറ്റുകള്‍ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതു വഴി പൊതു ജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി. 2. ആർ.ആർ. ഓൺലൈൻ റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. കലക്ടേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്. 3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation) ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്. 4. ഇ-പെയ്മെന്റ് സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസിൽ നേരിട്ടെത്തുന്നതിന് പകരം ഓൺലൈൻ സംവിധാനം ഏർപ്പാടാക്കിയിട്ടുണ്ട്. 5. ഇ-പോസ് ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇ-പോസ് വഴി സ്വീകരിക്കുന്ന തുക ഉടനടി തന്നെ സർക്കാർ ഖജനാവിലേക്ക് എത്തുന്നു എന്നതാണ് ഈപദ്ധതിയുടെ ഏറ്റവും വലിയ നേട്ടം. |
| (സി) | ഇ-ഗവേർണൻസും, ഇ-ഓഫീസും ശക്തിപ്പെടുത്തിക്കൊണ്ട് സ്മാർട്ട് ഓഫീസ് | (സി) | എല്ലാ വില്ലേജ് ഓഫീസുകളിലും വ്യാപിപ്പിക്കും. |

| | | | |
|---|---|---|---|
| | സംവിധാനം എല്ലാ വില്ലേജ് ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ